# നവീകരണ സഭകളും വേദപുസ്തക വ്യാഖ്യാനവും

ഫാ. ഡോ. കെ.എം. രാജൻ
വികാരി, സിംഹാസനപള്ളി, കുന്നംകുളം

ഏറെ വ്യാഖ്യാനിക്കപ്പെടുന്ന ഒരു പുസ്തകമാണ് വിശുദ്ധ വേദപുസ്തകം. സ്വയം നീതീകരിക്കുന്നതിനും മറ്റുള്ളവരെ തിരുത്തുന്നതിനും വേദഭാഗങ്ങൾ ധാരാളമായി ഉപയോഗിച്ചു കാണുന്നുണ്ട്. പഠിക്കുന്തോറും വി. വേദപുസ്തകം ഏറെ വ്യത്യസ്തമായാണ് വ്യാഖ്യാനിക്കപ്പെടുന്നത് എന്നുള്ളത് ഒരു വസ്തുതയാണ്. എന്തുകൊണ്ടാണിത് സംഭവിക്കുന്നത്? ദൈവാത്മാവിനാൽ പ്രചോദിതമായി എഴുതപ്പെട്ട പുസ്തകങ്ങൾ ഒരിക്കലും പരസ്പരവിരുദ്ധമാകയില്ല. എല്ലാ തിരുവെഴുത്തും ദൈവത്താൽ പ്രചോദിതമാണ്. (2തിമൊഥി. 3:16) അപ്പോസ്തോലനായ പൗലോസ് ശ്ലീഹാ എഴുതിയ ലേഖനങ്ങൾ എല്ലാംതന്നെ തിരുവെഴുത്തുകളാണെന്ന് പത്രോസ് ശ്ലീഹ സാക്ഷിക്കുന്നു. (2പത്രോസ് 3:15-16) ഒരു വേദഭാഗം വളരെ വ്യത്യസ്തമായി പഠിപ്പിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാരണങ്ങളിലേക്ക് വിരൽചൂണ്ടുന്നതാണീ ലേഖനം.

വി. വേദപുസ്തകത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടുകൾ ക്രൈസ്തവ സഭകളിൽ വ്യത്യസ്തമാണെന്നതാണ് പ്രഥമവും പ്രധാനവുമായ വ്യത്യാസം. ഉദാഹരണമായി ആംഗ്ലിക്കൻ സഭയും സുറിയാനി സഭയും വി. വേദപുസ്തകത്തിന് കൽപ്പിച്ചിരിക്കുന്ന സ്ഥാനം വ്യത്യസ്തമാണ്. ആംഗ്ലിക്കൻ സഭ വി. വേദപുസ്തകം രക്ഷയ്ക്കാവശ്യമായതെല്ലാം ഉൾക്കൊള്ളുന്നതാണെന്നും, വി. വേദപുസ്തകത്തിലില്ലാത്തതൊന്നും ഒരു വ്യക്തിക്ക് നിത്യരക്ഷക്ക് ആവശ്യമുള്ളതല്ലെന്നും പഠിപ്പിക്കുന്നു. (Article VI of the Anglican Church) എന്നാൽ സുറിയാനിസഭ വി. വേദപുസ്തകത്തോടുകൂടി സഭയുടെ പാരമ്പര്യങ്ങൾക്കും, വിശ്വാസപ്രമാണങ്ങൾക്കും, കൂദാശകൾക്കും, ആരാധനകൾക്കും പ്രാധാന്യം കൽപ്പിക്കുന്നു. (കൈസരിയായിലെ വലിയ മോർ ബസേലിയോസ്) ഈ അടിസ്ഥാനപരമായ വ്യത്യാസം വി. വേദപുസ്തകത്തിലെ പുതിയനിയമ പുസ്തകങ്ങളുടെ ഉൽപ്പത്തിയെയും സാർവ്വത്രികമായ ഉപയോഗത്തിന്റെയും ചരിത്രപരമായ പഠനത്തിലൂടെ മാത്രമേ മനസിലാക്കാൻ കഴിയുകയുള്ളൂ.

വി. വേദപുസ്തകത്തിന്റെ സ്വതന്ത്രവും സഭാവിശ്വാസ സംഹിതകൾക്ക് അന്യവുമായ വ്യാഖ്യാനം ഈ കാലത്ത് സർവ്വസാധാരണമാണ്. എന്നാൽ ഇന്ന് ഉപയോഗത്തിലിരിക്കുന്ന അറുപത്താറ് കാനോനികഗ്രന്ഥങ്ങളുടെ ക്രോഡീകരണം എങ്ങനെ നടന്നുവെന്നുള്ളത് പ്രസക്തമായ ചോദ്യമാണ്. വി. വേദപുസ്തകത്തിന്റെ ഉള്ളടക്കം വ്യാഖ്യാനിക്കുന്നവർ അവഗണിക്കുന്നതും, എന്നാൽ അവർക്ക് അനുപേക്ഷണീയവുമാണ്. മേൽപ്പറഞ്ഞ ചോദ്യത്തിനുള്ള ഉത്തരം വി. വേദപുസ്തകത്തിലെ 27 പുതിയനിയമ പുസ്തകങ്ങൾ സുറിയാനിസഭാ പിതാക്കന്മാർ തിരഞ്ഞെടുത്ത് ഉപയോഗിച്ചുവെന്നും നാലാം നൂറ്റാണ്ടിൽ പരക്കെ ഉപയോഗത്തിലിരുന്നുവെന്ന് ഗ്രഹിക്കാവുന്നതാണ്. (Ref. Comfort, P.W. (1992) The origin of the Bible. Tynidale House Publishers, Inc.)

**ഒന്നാം നൂറ്റാണ്ട്**

ഒന്നാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ സുവിശേഷപുസ്തകങ്ങളും അപ്പോസ്തലന്മാരുടെ ഏതാനും ലേഖനങ്ങളും ഭാഗികമായി പല സ്ഥലങ്ങളിലും ഉപയോഗത്തിലിരുന്നു. പഴയനിയമ പുസ്തകങ്ങൾ 39 എണ്ണം വളരെ മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. അതിൽ മോശയുടെ പഞ്ചഗ്രന്ഥങ്ങളായിരുന്നു കൂടുതലായി പഠിപ്പിക്കപ്പെടുകയും അപഗ്രഥിക്കുകയും ചെയ്തിരുന്നത്. പഴയനിയമ പുസ്തകങ്ങൾ യേശുക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്നവർക്ക് പരിചിതവും സ്വീകാര്യവുമായതിനാലാണ് അപ്പോസ്തലന്മാരും അവരുടെ എഴുത്തുകളിൽ പഴയനിയമ ഉദ്ധരണികൾ ഉപയോഗിക്കുകയും പുതിയനിയമത്തിന്റെ പ്രസക്തി ഊന്നിപറയുകയും ചെയ്തത്. (എബ്രാ. 1:1) പുതിയനിയമം പഴയനിയമത്തിന്റെ സാക്ഷാത്ക്കാരമാണെന്ന പ്രഖ്യാപനമാണ് വംശാവലിപ്പട്ടികയും (വി. മത്താ. 1: 1-17; വി. ലൂക്കോ. 3: 23-23) അതുപോലെ തിരുവെഴുത്തുകളുടെ നിവൃത്തിയാണ് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ എന്ന് ഉറപ്പിക്കുന്ന സംഭവങ്ങളും പഴയനിയമ ഉദ്ധരണികളുപയോഗപ്പെടുത്തിയുള്ള ശൈലി യേശുക്രിസ്തുവും ശിഷ്യന്മാരും ഉപയോഗിച്ചത് ജനത്തിനും വിശ്വസിക്കുവാൻ സഹായകമായി.

ഒന്നാം നൂറ്റാണ്ടിൽ പുതിയനിയമ പുസ്തകങ്ങളിൽ ചിലതുമാത്രമേ ഏതാനും വ്യക്തികളുടെ കൈവശമുണ്ടായിരുന്നുള്ളു. എ.ഡി. 95-ൽ റോമിലെ വി. ക്ലീമ്മീസ് (ഫിലി. 4:3-ൽ പരാമർശി

ച്ചിരിക്കുന്നു) വി. മത്തായിയുടെയും ലൂക്കോസിന്റെയും സുവിശേഷഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് കൊരിന്ത്യസഭയ്ക്കെഴുതിയതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. പൗലോസ് ശ്ലീഹാ തെസലോനിക്യർക്കെഴുതിയ ലേഖനം എല്ലാ സഹോദരന്മാരെയും വായിച്ച് കേൾപ്പിക്കുവാൻ നിർദേശിക്കുന്നതും (1തെസ. 5:27) അന്ന് പുതിയനിയമ പുസ്തകങ്ങൾ പരക്കെ ഉപയോഗത്തിൽ ഇല്ലായിരുന്നു എന്ന് വ്യക്തമാക്കുന്നു.

**രണ്ടാം നൂറ്റാണ്ട്**

എ.ഡി. 125നോടടുത്ത് നാല് സുവിശേഷങ്ങളും പൗലോസ് ശ്ലീഹായുടെ ഏതാനും ലേഖനങ്ങളും കുറെ സ്ഥലങ്ങളിലെങ്കിലും ഉപയോഗത്തിലിരുന്നു. എന്നാൽ ചില ലേഖനങ്ങളുടെ ആധികാരികതയും എഴുത്തുകാരുടെ പേരുകളും സംബന്ധിച്ച് ധാരാളം തർക്കങ്ങളുണ്ടായിരുന്നു. ഒരു പരിണാമ പ്രക്രിയ പോലെ പരിശുദ്ധാത്മനിയോഗത്താൽ വളരെ സാവകാശം ചില ലേഖനങ്ങൾ അംഗീകരിക്കപ്പെടുകയും മറ്റു ചിലത് തിരസ്ക്കരിക്കപ്പെടുകയും ചെയ്തു. അഗ്നിമയനായ മോർ ഇഗ്നാത്തിയോസ് (A.D. 35-107), മുമ്പ് പ്രസ്താവിച്ച മോർ ക്ലീമ്മീസ് (A.D. 30-100) എന്നീ പിതാക്കന്മാർ കാണിച്ച വിവേചനം കാനോനിക ഗ്രന്ഥങ്ങൾ ക്രമീകരിക്കുന്നതിന് സഹായകമായി. A.D. 17- നോടടുത്ത് നാലു സുവിശേഷപുസ്തകങ്ങളും സാർവ്വത്രികമായി ഉപയോഗത്തിൽ വന്നു എന്നു കരുതാവുന്നതാണ്.

**മൂന്നാം നൂറ്റാണ്ട്**

മൂന്നാം നൂറ്റാണ്ടിലെ പ്രഗത്ഭനായ ദൈവശാസ്ത്രജ്ഞനായിരുന്നു ഒറിഗൺ (A.D. 185-254). പുതിയനിയമ പുസ്തകങ്ങളിലെ ഉള്ളടക്കം, വിവരണരീതി എന്നിവ വിമർശനാത്മകമായി അപഗ്രഥിച്ചിട്ടുള്ള വ്യക്തിയും ഗ്രന്ഥങ്ങളുടെ ആധികാരികത (authenticity) തെളിയിക്കുന്നതിന് അമൂല്യമായ സംഭാവനകൾ നൽകിയ വ്യക്തിയുമാണ് ഒറിഗൺ. ഒറിഗണിന്റെ ശിഷ്യനും അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായുമായിരുന്ന മോർ ദീവന്നാസിയോസ് (A.D. 190-265) വെളിപാടു പുസ്തകം പടിഞ്ഞാറൻദേശങ്ങളിൽ ഉപയോഗിച്ചിരുന്നെന്നും എന്നാൽ എബ്രായ ലേഖനം അംഗീകരിക്കപ്പെട്ടിരുന്നില്ലെന്നും സൂചിപ്പിക്കുന്നു.

**നാലാം നൂറ്റാണ്ട്**

സഭാചരിത്രകാരന്മാരിൽ ഗണനീയമായ കൈസര്യായിലെ മെത്രാപ്പോലീത്തായായിരുന്ന യൂസേബിയോസ് (എ.ഡി. 270–340) സാർവ്വത്രിക അംഗീകാരമുള്ള പുതിയനിയമപുസ്തകങ്ങളുടെ പട്ടിക വിവരിക്കുന്നുണ്ട്. അതോടൊപ്പം ചില പുസ്തകങ്ങൾ പാഷാണ്ഡത പരത്തുന്നവയും അസംബന്ധവുമായി രേഖപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ അലക്സന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മോർ അത്താനാസിയോസ് (എ.ഡി. 295–373) ഈസ്റ്റർ കല്പനയിൽ (എ.ഡി. 367) പുതിയനിയമ ഗ്രന്ഥങ്ങളെ സംബന്ധിച്ച് തീർപ്പെഴുതി- "ആരും ഈ 27 പുസ്തകങ്ങളോട് എന്തെങ്കിലും ചേർക്കുകയോ എന്തെങ്കിലും മാറ്റുകയോ ചെയ്യരുത്. ഇനിമേൽ വി. ദൈവാലയത്തിൽ ഈ ഗ്രന്ഥങ്ങളിൽ നിന്നല്ലാതെ ഒന്നും വായിക്കരുത്." അഞ്ചാം നൂറ്റാണ്ടിൽ സുറിയാനിസഭയുടെ വിഭജനമാണ് കാണുന്നത്. തുടർന്ന് കാനോനിക ഗ്രന്ഥങ്ങളെ സംബന്ധിച്ചും തർക്കങ്ങളുണ്ടായി. എന്നിരുന്നാലും പുതിയനിയമ പുസ്തകങ്ങൾ സുറിയാനിസഭാ പിതാക്കന്മാരാൽ ക്രമീകരിക്കപ്പെട്ടു എന്നത് തർക്കമറ്റ വസ്തുതയാണ്.

സുറിയാനി സഭാപിതാക്കന്മാരാൽ തിരഞ്ഞെടുത്തു ക്രമീകരിച്ച 27 പുതിയനിയമ പുസ്തകങ്ങൾ സഭയിൽ നിന്ന് അന്യമായി (വേർപ്പെട്ട്) പഠിക്കാമോ എന്നതാണ് ഉത്തരം കണ്ടെത്തേണ്ട ചോദ്യം. വി. വേദപുസ്തകം മറ്റേതു ഗ്രന്ഥം പോലെതന്നെ ബുദ്ധിയുപയോഗിച്ച് പഠിക്കാവുന്നതാണ്. എന്തെന്നാൽ ബുദ്ധി ദൈവദാനമാണ്. ബുദ്ധിയുപയോഗിച്ച് അപഗ്രഥിക്കുന്നതിന് ഭയപ്പെടേണ്ടതില്ല. എന്നാൽ ഭാഗികമായ അറിവ് അജ്ഞതയേക്കാൾ അപകടമാണ്. ക്രൈസ്തവസഭയിലെ എണ്ണമറ്റ അവാന്തര വിഭാഗങ്ങൾ ഈ ഭാഗിക അറിവിന്റെ സൃഷ്ടിയാണെന്ന് പറഞ്ഞാൽ തെറ്റില്ല.

സുറിയാനിസഭയിൽ നിന്ന് വേർപ്പെട്ട് വി. വേദപുസ്തകം പഠിക്കാനോ പഠിപ്പിക്കാനോ സാധിക്കുകയില്ല. കാരണം കൂദാശകളും, പ്രാർത്ഥനകളും, പാരമ്പര്യങ്ങളും, ആരാധനയും, ആചാരങ്ങളും നിലനിർത്തിയിരുന്ന സഭാപിതാക്കന്മാരാണ് പുതിയനിയമ പുസ്തകങ്ങൾ ക്രമീകരിച്ചത്. ആയതിനാൽ തിരുവെഴുത്തുകൾ എഴുതിയ കാലയളവ്, ആർക്കെഴുതി, ലേഖനകർത്താവാര്, പുതിയ

നിയമ പുസ്തകങ്ങൾ ക്രോഡീകരിച്ചതാര് എന്നീ വിവരങ്ങൾ കാലഘട്ടത്തിനനുസരിച്ച് തിരുവെഴുത്തുകളുടെ അർത്ഥം മാറ്റാനല്ല പ്രത്യുത വ്യാഖ്യാനത്തിന് സഹായകമാകാനുദ്ദേശിച്ചും കാലഘട്ടത്തെ അതിജീവിക്കുന്ന അർത്ഥം വി. വേദപുസ്തകത്തിനുള്ളതിനാലുമാണ്.

വി. വേദപുസ്തക പഠനം, വ്യാഖ്യാനം എന്നിവ സഭയിൽ കൂടി നിർവ്വഹിക്കപ്പെടണം. എന്തുകൊണ്ടെന്നാൽ വി. വേദപുസ്തകം ക്രമീകരിക്കപ്പെട്ടത് സഭാപിതാക്കന്മാരുടെ സഭാജീവിതത്തിൽ നിന്നാണ്. വി. വേദപുസ്തകം ക്രമീകരിച്ചവർ സഭയിൽ നിന്നു വേറിട്ട് വേദപുസ്തകത്തെ കണ്ടില്ല. എന്നാൽ ദൈവാത്മാവിനാൽ പ്രചോദിതമായ വ്യക്തിഗത പഠനങ്ങൾ പ്രയോജനപ്പെട്ടേക്കാം. ദൈവശാസ്ത്രജ്ഞന്മാരുടെ വ്യാഖ്യാനങ്ങൾ, ആധുനിക കണ്ടുപിടുത്തങ്ങൾ, ശാസ്ത്രസത്യങ്ങൾ ഇവയൊക്കെ സഹായകമായേക്കാം. എന്നിരുന്നാലും മേൽപ്പറഞ്ഞവയെല്ലാം സഭാ പിതാക്കന്മാരുടെ കാഴ്ചപ്പാടുകൾക്ക് വിരുദ്ധമാകാതെയിരുന്നെങ്കിലേ സഭ വിശ്വാസത്തിൽ (സുറിയാനി) നിലനിൽക്കുകയുള്ളു. സുറിയാനി സഭയുടെ വിശ്വാസത്തിനനുരൂപമായ വ്യാഖ്യാനം പ്രധാനമായും മൂന്നു മാർഗങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.

1. ആരാധനകളിൽ തിരുവെഴുത്തുകൾ (വായനകൾ) എങ്ങനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു.

2. പെരുന്നാളുകളിൽ (പ്രൊമിയോൻ, സെദറ, ഹൂത്തോമോ, പെങ്കീസാ) പിതാക്കന്മാർ തിരുവെഴുത്തുകൾ എങ്ങനെ വിശദീകരിച്ചിരിക്കുന്നു.

3. കൂദാശകളും അവയുടെ അനുഷ്ഠാനങ്ങളും സംബന്ധിച്ച് സുറിയാനി സഭാപിതാക്കന്മാർ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങളേവ?

ഉദാഹരണമായി പുറപ്പാട് 3:1-4 വരെയുള്ള വാക്യങ്ങളിൽ കന്യകമറിയാമിന്റെ ദൃഷ്ടാന്തം സഭാമക്കൾ പഠിക്കുന്നത് വി. കുർബാനയിലെ പ്രാരംഭഗീതത്തിൽ നിന്നാണ്. (മുൾമരമെരിയാ........). അതുപോലെ തന്നെ ഉൽപ്പ. 14:18, എബ്രാ. 7:3 എന്നിവയിൽ പരാമർശിച്ചിരിക്കുന്ന പുരോഹിതനായ മൽക്കിസദേക്ക് ക്രിസ്തുവിന്റെ മുൻകുറിയായതിനാലാണ് വി. കുർബ്ബാനയിലെ ഒരുക്കശുശ്രൂഷയിൽ മൽക്കിസദേക്കിന്റെ ക്രമം അഹറോന്യ പൗരോഹിത്യ വസ്ത്രങ്ങളില്ലാതെ സഭാപിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്. ഈ വിധം ഗ്രഹിക്കുമ്പോൾ വി. വചനം ഏതെന്ന് സഭ പഠിപ്പിക്കുന്നതിനാൽ അത് എങ്ങനെ പഠിക്കണമെന്നും സഭ കൽപ്പിക്കുന്നു. ഈ കാഴ്ചപ്പാടിൽ നിന്ന് എത്രമാത്രം മാറ്റം ആധുനികകാലത്ത് വന്നുചേരുന്നുവെന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. പലപ്പോഴും മറ്റുള്ളവരെ സന്തോഷിപ്പിക്കാനോ അസഹ്യപ്പെടുത്താതിരിക്കാനോ താൽക്കാലിക വ്യാഖ്യാനങ്ങൾ നൽകുന്നവരുണ്ട്. സഭാ വിശ്വാസകാര്യങ്ങളിൽ ഊന്നിയ സുറിയാനി സഭാ പിതാക്കന്മാർ വിശദീകരിച്ചിട്ടുള്ള കാഴ്ചപ്പാടുകൾ നിലനിർത്തേണ്ടതാണ്. സ്വതന്ത്ര വ്യാഖ്യാനങ്ങൾ നവീന സഭകൾക്ക് ജന്മം നൽകിക്കൊണ്ടിരിക്കും!!